നത്തിൽ എത്രയുക പിരിച്ചെടുക്കാനുണ്ടെന്ന് വകപ്പ് തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) സർക്കാർ വകപ്പുകൾ എ.സി.ഡി. ഇനത്തിൽ എത്രയുകകൊടുക്കാനുണ്ടെന്ന് വകപ്പ് തിരിച്ച് വെളിപ്പെടുത്താമോ ;

(സി) സ്വകാര്യ കമ്പനികളും സ്ഥാപനങ്ങളും വ്യക്തികളും വൈദ്യുതി ചാർജ്ജിനത്തിൽ എത്രയുക കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ വകപ്പുകളിൽനിന്നും 30-9-2014 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 106.70 കോടി രൂപയാണ് പിരിച്ചെടുക്കാനുള്ളത്. ഇതിന്റെ വകപ്പ് തിരിച്ചുള്ള വിവരം അനുബന്ധം 1*ആയി ചേർത്തിരിക്കുന്നു.

(ബി) വിവരം അനുബന്ധം 2-*ൽ കൊടുത്തിട്ടുണ്ട്.

(സി) സ്വകാര്യ കമ്പനികളും സ്ഥാപനങ്ങളും 30-9-2014 വരെ വൈദ്യുതി ചാർജ്ജിനത്തിൽ 612.69 കോടി രൂപയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്.

വൈദ്യുതി ദുരുപയോഗം, മോഷണം തുടങ്ങിയവ കണ്ടെത്തുന്നതിന് നടപടി

41 (381) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ദുരുപയോഗം, മോഷണം തുടങ്ങിയവ കണ്ടെത്തുന്നതിന് നിലവിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ കണ്ടെത്താൻ നിയോഗിച്ചിട്ടുള്ള ആന്റി പവ്വർ തെഫ്റ്റ് സ്വാഡ് നടപ്പുവർഷം എത്ര വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തി ; അതിലൂടെ എത്ര യുകയുടെ വൈദ്യുതി മോഷണം കണ്ടെത്തി ; എന്ത് തുക ഫൈൻ ഇനത്തിൽ ഈടാക്കി ; വിശദാംശം നൽകുമോ ;

(സി) ഓരോ ജില്ലയിലും നടപ്പുവർഷം കാർഷികാവശ്യത്തിന് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി കണക്ഷൻ എത്ര ; വിശദാംശം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത വൈദ്യുതി കണക്ഷൻ വീട്ടാവശ്യത്തിനും മറ്റുവർക്കുകൾക്കും ദുരുപയോഗം ചെയ്യുന്നതായി വൈദ്യുതി ബോർഡ് കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ നിലവിലെ പരിശോധനാ വിഭാഗത്തിന്റെ പരിശോധനയിൽ ഏതെങ്കിലും ജനപ്രതിനിധികളോ ; മുൻജനപ്രതിനിധികളോ ;വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരോ വൈദ്യുതി മോഷണമോ, ദുരുപയോഗമോ, സാരമായ ദുരുപയോഗമോ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) ഇതുവഴി എത്ര യൂക്യുടെ ദുരുപയോഗം നടപ്പുവർഷം നടന്നുവെന്നും അതിലൂടെ എന്ത് യൂക ഫൈൻ ആയി ഈടാക്കിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

2. സെക്ഷൻ സ്ക്വാഡ്,ഡിവിഷൻ സ്ക്വാഡ്, റിജിയണൽ ആഡിറ്റ് ഓഫീസിൽ നിന്നുമുള്ള സ്പെഷ്യൽ സ്ക്വാഡ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

3. പത്ര-ദൃശ്യ മാധ്യമങ്ങൾവഴിയുള്ള ബോധവത്ക്കരണം.

4. വൈദ്യുതി മോഷണം സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുന്നതിനായി ചീഫ് വിജിലൻസ് ഓഫീസറുടെ മൊബൈൽ നമ്പർ വൈദ്യുതി ബോർഡിന്റെ എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താക്കളുടെ മീറ്ററുകൾ സീൽ ചെയ്തിട്ടുണ്ട്.

(ബി) ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് നടപ്പുവർഷം 592 വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന് 5,77,40,625-രൂപ പിഴ ചുമത്തുകയും അതിൽ 3,60,64,857- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	എണ്ണം
1.	തിരുവനന്തപുരം	201
2.	കൊല്ലം	4905
3.	പത്തനംതിട്ട	618
4.	കോട്ടയം	4644
5.	ആലപ്പുഴ	269
6.	എറണാകുളം	79
7.	ഇടുക്കി	211
8.	തൃശ്ശൂർ	516
9.	പാലക്കാട്	962
10.	മലപ്പുറം	989
11.	കോഴിക്കോട്	128
12.	വയനാട്	105
13.	കണ്ണൂർ	205
14.	കാസർഗോഡ്	746

(ഡി) കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. 16-10-2014-ന് വാഴക്കുളം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ നടത്തിയ പരിശോധനയിൽ മുൻ ജനപ്രതിനിധി ശ്രീ. ടി. എച്ച്. മുസ്തഫയുടെ ഉടമസ്ഥതയിലുള്ള കാർഷിക വൈദ്യുതി കണക്ഷനിൽ ദുരുപയോഗം കണ്ടെത്തുകയും ആയതിന് 19,743-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കണിയാപുരം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള കൺസ്യൂമർ നമ്പർ 7337-ൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് 25-4-2014-ന് നടത്തിയ പരിശോധനയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയാക് തൊറാസിക് സർജറി വിഭാഗം മേധാവി ഡോ. അബ്ദുൽ റഷീദ് കാർഷികാവശ്യത്തിനുള്ള വൈദ്യുതി ദുരുപയോഗം ചെയ്തതായി കണ്ടെത്തുകയും ആയതിന് 1,17,830-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) മേൽ പ്രസ്താവിച്ച പ്രകാരം 1,37,573-രൂപയുടെ വൈദ്യുതി ദുരുപയോഗം നടപ്പുവർഷം കണ്ടെത്തുകയും ടി തുക ഫൈൻ ആയി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി പ്രതിസന്ധി

42 (382) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം ഇപ്പോൾ നേരിടുന്ന വൈദ്യുതി പ്രതിസന്ധിയുടെ കാരണങ്ങൾ എന്തൊക്കെയാണെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉല്പാദനവും ഉപഭോഗവും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇടമൺ-കൊച്ചി, മൈസൂർ-അരീക്കോട് ലൈനുകൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതിനുള്ള സ്ഥാപിതശേഷിയുടെകുറവും പുറമേ നിന്ന് സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷിക്കുറവുമാണ് ഇപ്പോഴത്തെ വൈദ്യുതി പ്രതിസന്ധിയുടെ കാരണം. ഇത് പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തിനകത്തുള്ള താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി, ട്രേഡർമാർ മുഖേന പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി, പവർ എക്സ്ചേഞ്ചിൽ നിന്ന് ലഭ്യമാകുന്ന വൈദ്യുതി എന്നിവ വാങ്ങാറുണ്ട്. കൂടാതെ മറ്റുസംസ്ഥാനങ്ങൾ വേണ്ടെന്നുവയ്ക്കുന്ന കേന്ദ്ര വൈദ്യുതി വിഹിതവും ഉപയോഗപ്പെടുത്താറുണ്ട്. ഇപ്രകാരം വൈദ്യുതി ലഭ്യമാക്കിയാലും സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി പവർഗ്രിഡ്

LIBRARY ARCHIVES Kerala Legislative Assembly